# കേരള സർവകലാശാല

നം. പി.ആർ.062/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### റിസോഴ്സ് പേഴ്സൺസ് പാനൽ: അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന വിവിധ സർട്ടിഫിക്കറ്റ്/ഡിപ്ലോമ/പി.ജി. ഡിപ്ലോമ കോഴ്സുകളിൽ താഴെപറയുന്ന വിഷയങ്ങളിൽ ക്ലാസുകൾ എടുക്കാൻ അനുയോജ്യരായ റിസോഴ്സ് പേഴ്സൺസിന്റെ ഒരു പാനൽ തയ്യാറാക്കുന്നു. അതാത് വിഷയത്തിൽ സ്പെഷലൈസേഷനും പ്രവൃത്തി പരിചയവും ഉള്ളവർക്ക് അപേക്ഷിക്കാം.ജോലി ചെയ്യുന്നവർക്കും അപേക്ഷിക്കാവുന്നതാണ്. യോഗ തെറാപ്പി, യോഗ ആന്റ് മെഡിറ്റേഷൻ, കൗൺസിലിംഗ്, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, പബ്ലിക് സ്പീകിംഗ്, ലൈബ്രറി സയൻസ്, പേഴ്സണാലിറ്റി ഡെവലപ്മെന്റ്, ലൈഫ് സ്കിൽസ് എഡ്യൂക്കേഷൻ, കരിയർ കൗൺസിലിംഗ്, ന്യൂസ് ജേർണലിസം, കോംപയറിംഗ് ആന്റ് ആങ്കറിങ്, സോഫ്റ്റ് സ്കിൽ ഡെവലപ്മെന്റ്, കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ്. താൽപര്യമുള്ളവർ ബയോഡേറ്റയും സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം ഏപ്രിൽ മൂന്നിന് മുമ്പ് ഡയറക്ടർ, സി.എ.സി.ഇ.ഇ, കേരള സർവകലാശാല, പി.എം.ജി.ജംഗ്ഷൻ, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം-23 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്.

### ബി.കോം ആന്വൽ ടൈംടേബിൾ

കേരള സർവകലാശാല ഏപ്രിൽ ആറിന് ആരംഭിക്കുന്ന പാർട്ട് മൂന്ന് ബി.കോം ആന്വൽ സ്കീം പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### പി.എച്ച്.ഡി.എൻട്രൻസ് പരീക്ഷ

കേരള സർവകലാശാലയുടെ പി.എച്ച്.ഡി.എൻട്രൻസ് പരീക്ഷ-2016, ഏപ്രിൽ രണ്ട് ഞായറാഴ്ച പത്ത് മണി മുതൽ ഒരു മണി വരെ വഴുതക്കാട് കോട്ടൺഹിൽ ഗവ.ഹയർസെക്കന്ററി സ്കൂളിൽ വച്ച് നടക്കുന്നതാണ്. പൊളിറ്റിക്കൽ സയൻസിനും പബ്ലിക് അഡ്മിനിസ്ട്രേഷനും വെവ്വേറെ ചോദ്യപേപ്പറുകൾ ആയിരിക്കും. മാർച്ച് 22 മുതൽ ഹാൾടിക്കറ്റുകൾ www.research.keralauniversity.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും. പരീക്ഷയ്ക്ക് പാർട്ട് എ-റിസർച്ച് മെത്തഡോളജി, പാർട്ട് ബി-ഐച്ഛിക വിഷയം എന്നീ രണ്ട് വിഭാഗങ്ങളുണ്ടായിരിക്കും. പരീക്ഷ പാസാകാൻ ഓരോ വിഭാഗത്തിനും 50 ശതമാനം മാർക്ക് നേടണം.

### ഉത്തരവ് വെബ്സൈറ്റിൽ

ട്രാവൻകൂർ എഞ്ചിനീയറിംഗ് കോളേജിലെ നിലവിലെ ആറ്, എട്ട് സെമസ്റ്ററുകളിലെ വിദ്യാർത്ഥികളെ മറ്റു സ്വകാര്യ കോളേജുകളിലേക്ക് മാറ്റിയ ഉത്തരവ് സർവകലാശാല വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ ഫലം

**കേരള സർവകലാശാല 2016 ആഗസ്റ്റിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എ സി.ബി.സി.എസ് (2010, 2011 & 2012 സ്കീം സപ്ലിമെന്ററി - 2013 അഡ്മിഷന് മുമ്പുള്ളത്) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഓൺലൈനായി ഏപ്രിൽ 12 വരെ അപേക്ഷിക്കാം.**

തിരുവനന്തപുരം.
22.03.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**